ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. ഇപ്പോൾ തന്നെ പല കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും ഓണം, പെരുന്നാൾ, ക്രിസ്തുമസ് മുതലയവയൊക്കെ വരുന്ന സമയത്ത് ഇതുപോലുള്ള പ്രത്യേക ചന്തകൾ, അല്ലെങ്കിൽ പ്രത്യേക ഡെയ്‌ലി മാർക്കറ്റ്സ് കുറച്ചു ദിവസത്തിനായി അനുവദിക്കാറുണ്ട്. അത് നല്ല രീതിയിൽത്തന്നെ നടന്നുപോകുന്നുണ്ട്. National Urban Livelihoods Mission (N.U.L.M) ഈ കാര്യങ്ങളെ സംബന്ധിച്ച് വളരെ നല്ല രീതിയിലാണ് പഠിക്കുന്നത്. അവർ സർവ്വേ നടത്തുന്നുണ്ട്. കുറെയധികം കാര്യങ്ങൾപഠിച്ച് അവർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതനുസരിച്ചുതന്നെ മുന്നോട്ടുപോകുന്നതാണ്.

വിവിധ രാജ്യങ്ങളിലുള്ള മലയാളികളുടെ വിവരശേഖരണം

3 (*693) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ പൂർണ്ണമായ വിവരശേഖരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരത്തിൽ വിവരശേഖരണം നടത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ ;

(ബി) കൃത്യമായ വിവരങ്ങൾ ഇല്ലാത്തതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ,

(എ) 2013-ലെ ദേശീയ സാമ്പത്തിക സെൻസസിനോടനുബന്ധിച്ച് വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ ഒരു വിവരശേഖരണം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പുമായി ചേർന്ന് നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് എല്ലാ എം.എൽ.എ. മാർക്കും കൊടുക്കുകയുണ്ടായി.

(ബി) വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളുടെ കൃത്യമായ സ്ഥിതിവിവരക്കണക്ക് ഇല്ലാത്തതിനാൽ തിരികെയെത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസംപോലുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് ആറാമത് ദേശീയ സാമ്പത്തിക സെൻസസിനോടൊപ്പംതന്നെ വിദേശരാജ്യങ്ങളിലെ പ്രവാസി മലയാളികളെ സംബന്ധിച്ച വിവര ശേഖരണം എന്യൂമറേറ്റർമാരെ

LIBRARY ARCHIVES Kerala Legislative Assembly

നിയോഗിച്ച് ബ്ലോക്ക്/വാർഡ് തിരിച്ച് സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് നടത്തുകയുണ്ടായത്. പഞ്ചായത്ത്/മുൻസിപ്പൽ/കോർപ്പറേഷൻ എന്നിവ തരംതിരിച്ച് സൂപ്പർവൈസറുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വിവരം വകുപ്പ് ശേഖരിച്ചത്. ഇതോടൊപ്പം വിദേശ രാജ്യങ്ങളിലുള്ളവർക്കായി ഓൺലൈൻ വിവരശേഖരണവും നടത്തുകയുണ്ടായി.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസികളായ മലയാളികളെ സംബന്ധിച്ച് ഏത് രാജ്യത്ത് ജോലിചെയ്യുന്നു; എന്ത് ജോലി ചെയ്യുന്നു; എവിടെയാണെന്നൊക്കെയുള്ള വ്യക്തമായ കണക്കുകൾ നിലവിലില്ല. എന്റെ ചോദ്യത്തിന് അങ്ങ് തന്ന മറുപടി 2013-ലെ ദേശീയ സാമ്പത്തിക സെൻസസുകളോടനുബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നാണ്. എന്നാൽ അത് പൂർണ്ണമായ റിപ്പോർട്ടാണോ അപൂർണ്ണമാണോയെന്ന് വ്യക്തമായി പറഞ്ഞിട്ടില്ല. പൂർണ്ണമായ റിപ്പോർട്ടല്ലെങ്കിൽ അതിനെ സംബന്ധിച്ചുള്ള പൂർണ്ണമായ റിപ്പോർട്ട് ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അതോടൊപ്പം നമ്മുടെ മലയാളികൾ ഏതെങ്കിലും റിക്രൂട്ട്മെന്റ് ഏജൻസിമുഖേനയാണ് വിദേശരാജ്യങ്ങളിലേക്ക് പോകുന്നത്. റിക്രൂട്ട്മെന്റ് ഏജന്റുമാർക്ക് രജിസ്ട്രേഷൻ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ് : സർ, 2013-വരെ കേരളത്തിൽ പ്രവാസി മലയാളികളുടെ എണ്ണം സംബന്ധിച്ച് യാതൊരു രേഖയുമുണ്ടായിരുന്നില്ല. ഈ ഗവൺമെന്റാണ് ദേശീയ സാമ്പത്തിക സർവ്വേയുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു സമഗ്രമായ സർവ്വേ നടത്തിയത്. അതിന്റെ ഒന്നാം വാല്യം പ്രസിദ്ധീകരിക്കുകയും അതിന്റെ കോപ്പി കഴിഞ്ഞ ആഴ്ച എല്ലാ എം. എൽ. എ. മാർക്കും കൊടുത്തിട്ടുമുണ്ടായിരുന്നു. രണ്ടാം വാല്യം ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്. ഇതുമുഖേന ഒരു ആധികാരികമായ രേഖ ഉണ്ടായിട്ടുണ്ട്. ഇത് പൂർണ്ണമായും സമ്പൂർണ്ണമല്ലെങ്കിലും വിദേശങ്ങളിൽ ജോലി ചെയ്യുന്ന ആളുകളുടെ ഏതാണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദേശങ്ങളിലടക്കം വിസാ തട്ടിപ്പ് സംബന്ധിച്ച് വലിയ പരാതികൾ ഉണ്ടായിട്ടുണ്ട്. തീർച്ചയായും ഈ പ്രശ്നം എത്ര ബോധവൽക്കരിച്ചാലും പിന്നെയും ഈ രാജ്യം വിട്ട് ജോലി ചെയ്യാനുള്ള ആഗ്രഹംകൊണ്ട് പലരും തട്ടിപ്പിൽപെടുന്നുണ്ട്. ഇത് തടയാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, വിദേശ മലയാളികളെ സംബന്ധിച്ച് തിരിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ചില പദ്ധതികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. അതെല്ലാംതന്നെ വൻകിട പദ്ധതികളായി മാറുകയാണ്. അതുകൊണ്ട് എല്ലാവർക്കും അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. അതുകൊണ്ട് മുഴുവനാളുകൾക്കും ഇത്തരം സൗകര്യം ലഭിക്കാൻ കഴിയത്തക്കതരത്തിൽ പ്രാദേശിക വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ, ഉദാഹരണത്തിന് കയർ, കശുവണ്ടി, മത്സ്യമടക്കം വിവിധ പ്രാദേശിക വിഭവങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിലുള്ള പ്രാദേശിക വ്യവസായ നിക്ഷേപ പദ്ധതികൾ രൂപീകരിക്കുന്നതിന്, അത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, നോർക്ക വകുപ്പിന്റെ വിദേശ മലയാളികൾക്കുവേണ്ടിയുള്ള റീ-ഹാബിലിറ്റേഷൻ സ്കീം ഒരു വൻകിട പദ്ധതിയല്ല. അതൊരു ചെറുകിട പദ്ധതിയാണ്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നഴ്സറികളും ഹൈടെക്ഫാമുകളും അതുപോലെ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് ഫിഷറീസ് ഫാമുകളും ഫിഷറീസ് സ്റ്റാളുകളും തുടങ്ങി പ്രവാസി മലയാളികൾക്ക് ചെയ്യാൻ സാധിക്കുന്ന ചെറിയ പദ്ധതികൾ ആരംഭിക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. 10% back-end സബ്സിഡി ഗവൺമെന്റ് ഇപ്പോൾ കൊടുക്കുന്നുണ്ട്. ബാങ്കുകളിൽ നിന്ന് വായ്പ ലഭിച്ചു കഴിഞ്ഞാൽ അവർക്ക് കുറച്ചുകൂടി വിപുലമായ രീതിയിൽ ഈ സബ്സിഡി ആനുകൂല്യം കൊടുക്കുന്നതിനും ആലോചിക്കുന്നുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്ന മലയാളികളുടെ പ്രശ്നം നമ്മുടെ കേരളത്തിന്റെ ഒരു സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. ഇതിൽ എന്തെങ്കിലും അപകടത്തിൽ ചെന്നുപെടുമ്പോഴാണ്...., ഇറാഖിൽ ഒരു സംഭവമുണ്ടായി. കുറെ ആളുകളുടെ ജീവൻ അപകടത്തിലായി. അപ്പോഴാണ് നമ്മൾ ഇടപെട്ടതും ഒരുപാട് സഹായങ്ങളുണ്ടായതും. ഇതുപോലെ കേരളത്തിലെ ഗവൺമെന്റോ ആധികാരികമായ ഏജൻസികളോ അറിയാതെ കേരളത്തിൽ ആയിരക്കണക്കിന് പ്ലേസ്മെന്റ് ഏജൻസികൾ പ്രവർത്തിക്കുകയാണ്. പലതും ഇല്ലീഗലാണ്. അവരുടെ ചതിക്കുഴികളിൽ അകപ്പെട്ട മലയാളികളാണ് ഗവൺമെന്റിനും ജനങ്ങൾക്കും ബാധ്യതയായി വരുന്നത്. രജിസ്ട്രേഷൻ ഇല്ലാത്ത ആളുകളെ കണ്ടെത്താനും പിടികൂടാനും അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടിയെടുക്കാനും....., ഇതുമായി ബന്ധപ്പെട്ട് കേരളത്തിലുള്ള ഒരു ഏജൻസിയാണ് ODEPEC. അവരുമായി യോജിച്ച് ഈ ഏജൻസികളെ ഒന്നു വിളിച്ചുവരുത്തി ആരാണ് വിസ തട്ടിപ്പിനിരയായവരെന്നും, ഇവർക്ക് രജിസ്ട്രേഷനുണ്ടോയെന്നും, എത്ര പേരെ ഇവർ അയച്ചിട്ടുണ്ടെന്നും..... മനുഷ്യക്കടത്ത് എന്നു പറയുന്നത് സംബന്ധിച്ച് ഒരുപാട് വിവാദങ്ങൾ ഉണ്ടായതാണ്. ഇവർ വഴിയാണ് ഇത് പോകുന്നത്. അക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവമേറിയ കാര്യമാണ്. ഇൻഡ്യാ ഗവൺമെന്റിന് അംഗീകൃത റിക്രൂട്ട്മെന്റ് ഏജൻസികളുണ്ട്. അതല്ലാതെ ധാരാളം ആളുകൾ ആരുടെയും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നുണ്ട്. ഒരു വിസ കൊടുത്തുകഴിഞ്ഞാൽ വിസ വെരിഫൈ ചെയ്യാനുള്ള സംവിധാനം ഇന്ന് ഗവൺമെന്റിനുണ്ട്. ഓൺലൈനിലൂടെ അന്വേഷിക്കാൻ സാധിക്കും, അല്ലെങ്കിൽ ടോൾ ഫ്രീ നമ്പരുണ്ട്. പക്ഷേ, ആളുകളാരും ഇത് ഉപയോഗിക്കാറില്ല. എങ്ങനെയെങ്കിലും രാജ്യംവിട്ട് പോകണം, ജോലി കിട്ടണം. അതിനുവേണ്ടി ഏത് വ്യാജവിസയ്ക്കും പൈസ കൊടുത്ത് പോയിക്കൊണ്ടിരിക്കുകയാണ്.

അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഇറാഖിൽ പ്രശ്നമുണ്ടായി. ഇൻഡ്യാ ഗവൺമെന്റ് യാത്ര നിരോധിച്ച സ്ഥലമാണ് ഇറാഖ്. പക്ഷേ, ഇങ്ങനെ പ്രശ്നമുണ്ടായി ആളുകൾ മടങ്ങിവരുമ്പോഴും ആളുകൾ അവിടേക്ക് പോകുകയാണ്. അത് തടയാൻ സാധിക്കുന്നില്ല. അങ്ങ് പറഞ്ഞത് ഗൗരവമേറിയ കാര്യമാണ്. തട്ടിപ്പുകൾ തടയാൻ സാധിക്കണം. ODEPEC-ന് മാത്രമായി ചെയ്യാൻ പരിമിതിയുണ്ടെങ്കിലും ഇക്കാര്യത്തിൽ കുറച്ചുകൂടി നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം സംസ്ഥാന ഗവൺമെന്റ് ഇൻഡ്യാ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരളത്തിൽ നിന്ന് വിദേശത്ത് പോകുന്നതിൽ 20 ശതമാനം ആളുകൾ മാത്രമാണ് റിക്രൂട്ട്മെന്റ് ഏജൻസികളെ ആശ്രയിക്കുന്നതായി കാണാൻ കഴിയുന്നത്. രജിസ്ട്രേഷൻ കൊണ്ടുമാത്രം ഈ വിഷയം പരിഹരിക്കാൻ കഴിയില്ല. എയർപോർട്ട് രജിസ്ട്രേഷൻ പോലുള്ള സംഗതികളിൽ നടപടി സ്വീകരിച്ചാൽ ആ വിഷയം പരിഹരിക്കാൻ കഴിയും. അതുപോലെ വിദേശ രാജ്യങ്ങളിലെ പ്രശ്നബാധിത മേഖലകളിൽനിന്നും മടങ്ങിയെത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കാൻ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമല്ല. 25000 അപേക്ഷകരുണ്ടായിട്ടും ആയിരത്തിൽ താഴെ ആളുകൾക്കുമാത്രമാണ് ആനുകൂല്യം കിട്ടിയത് എന്നുള്ള ഒരു വലിയ വിഷയമുണ്ട്. മടങ്ങി വരുന്ന പ്രവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഗവൺമെന്റെടുക്കുന്ന നടപടികൾ അത്ര ആശാവഹമായി തോന്നുന്നില്ല. ഇറാഖിൽ നിന്നും മടങ്ങിയെത്തുന്ന ആളുകളെ സംബന്ധിച്ച് പരിശോധിച്ചാൽ ഒരുപാട് ആളുകൾ നാട്ടിൽനിന്നും പണം വരുത്തി ടിക്കറ്റെടുത്ത് മടങ്ങി വരുന്നുണ്ട്. ഇവർക്കെല്ലാം സുരക്ഷിതത്വം നൽകുന്നതിനുവേണ്ടി ശാശ്വതമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, നിതാഖത്ത് പ്രശ്നമുണ്ടായപ്പോഴാണ് ഈ വിഷയം ഗൗരവമായി ശ്രദ്ധയിൽപ്പെട്ടത്. വ്യാപകമായി മടങ്ങി വരുന്ന പ്രവണതയുണ്ടായപ്പോൾ നമ്മൾ ഇടപെട്ടു. സംസ്ഥാന ഗവൺമെന്റ് സമഗ്രമായ റീഹാബിലിറ്റേഷൻ പാക്കേജ് പ്രഖ്യാപിച്ചു. അതിന് അപേക്ഷകൾ ലഭിച്ചുവെങ്കിലും പല ആളുകൾക്കും വേണ്ടത്, വിദേശത്ത് പോയപ്പോൾ ചെലവായ കടം തീർക്കാൻ അല്ലെങ്കിൽ വിസയ്ക്കുവേണ്ടി ചെലവായ പണമാണ്. അങ്ങനെ കാശ് കൊടുക്കാൻ നിവൃത്തിയില്ല. അവർ ഒരു ചെറുകിട സംരംഭം ആരംഭിക്കുകയാണെങ്കിൽ- അത് കൃഷി വകുപ്പിന്റേതാകാം, ഫിഷറീസ്, ഡയറി, ടാക്സികൾ എന്നിവയെല്ലാം ആകാം. അങ്ങനെ ഏതെങ്കിലും സംരംഭം തുടങ്ങുകയാണെങ്കിൽ അവരെ സഹായിക്കാനാകും. അല്ലാതെ സാമ്പത്തിക സഹായം നൽകാൻ സാധിക്കില്ല. പല അപേക്ഷകരുടേയും ആവശ്യം സാമ്പത്തിക സഹായമാണ്. എങ്കിലും ഇപ്പോൾ കാനറാ ബാങ്കുമായി സഹകരിച്ച് ഇരുന്നൂറോളം ടാക്സികൾ കൊടുത്തു. അതുപോലെ മറ്റ് മേഖലകളിലും വിപുലപ്പെടുത്തുന്നുണ്ട്. തീർച്ചയായും സ്വയംസംരംഭത്തിനുള്ള താൽപ്പര്യമുണ്ടെങ്കിൽ അവരെ സഹായിക്കാൻ ഗവൺമെന്റിന് കഴിയും. അതിനുള്ള പദ്ധതികൾ ഗവൺമെന്റിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. വിജയൻ: സർ, ഇപ്പോൾ പ്രസിദ്ധീകരിച്ച സാമ്പത്തിക-ജാതി സെൻസസ് വളരെയേറെ പരാതികൾക്കിടയാക്കിയിരിക്കുകയാണ്. അത് പരിഹരിക്കാൻ നീട്ടിക്കൊടുത്ത സമയവും മതിയാകില്ല എന്ന സ്ഥിതിയാണിപ്പോഴുള്ളത്. അതിനൊരു പരിഹാരമുണ്ടാകണം. എന്റെ ചോദ്യം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ പ്രവാസി മലയാളി സെൻസസ് ഒന്നാം വോള്യം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് കുറ്റമറ്റതാക്കണമെങ്കിൽ എല്ലാ മേഖലകളുടേയും സഹകരണം അനിവാര്യമണ്. അടുത്ത കാലത്ത് ഇറാഖ് അംബാസിഡർ സൂചിപ്പിച്ചത് അവിടെ വരുന്ന മലയാളികളെക്കുറിച്ച് എംബസിയിൽ ഒരു കണക്കുമില്ല. ലേബർ ക്യാമ്പുകൾ പരിശോധിക്കുമ്പോഴാണ് അത് ബോദ്ധ്യപ്പെടുന്നത് എന്നാണ്. അപ്പോൾ അത് കുറ്റമറ്റ രീതിയിൽ അതിന്റെ രണ്ടാം ഭാഗം പ്രസിദ്ധീകരിക്കുമെന്ന് മന്ത്രി പറഞ്ഞിട്ടുണ്ട്. ഈ അനലിറ്റിക്കൽ റിപ്പോർട്ട് സമയബന്ധിതമായി എപ്പോഴാണ് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. സി. ജോസഫ്: സർ, കേരളത്തിലെ ഓരോ വീടുകളിലും പോയി വിവരം ശേഖരിച്ചാണ് നമ്മൾ സർവ്വെ നടത്തിയത്. എത്ര ആളുകൾ വിദേശത്തുണ്ട്; എവിടെ ജോലി ചെയ്യുന്നു എന്നുള്ള വിവരങ്ങൾ ശേഖരിക്കുകയാണ് ചെയ്തത്. പലപ്പോഴും ഈ സർവ്വെയിൽ ചില ഏരിയകൾ പരാമർശിക്കാതെ പോകുന്നുണ്ട്. ഇറാഖിലെ പ്രശ്നം ശരിയാണ്. ഗൾഫിലെ ജയിലുകളിൽ കഴിയുന്നവരുടെ വിവരങ്ങൾ ഇന്ത്യൻ എംബസിയിലില്ല. എംബസി അറിയാതെ പലരും പോയിട്ടുണ്ട്. ഇപ്പോഴും പോയിക്കൊണ്ടിരിക്കുന്നു. ഇത് വളരെ ഗൗരവമായ ഒരു കാര്യംതന്നെയാണ്. കാരണം ഗവൺമെന്ററിയാതെ സ്വകാര്യ റിക്രൂട്ടിംഗ് ഏജന്റുമാർ മുഖേന, ആദ്യകാലംമുതൽ, ആളുകൾ പായ്കപ്പലുകളിൽ പോയിരുന്ന കാലം മുതൽ ആരംഭിച്ചതാണ്. അതിപ്പോഴും തുടരുന്നുമുണ്ട്. അതിന് നിയന്ത്രണമുണ്ടാകണം. കാരണം ഇപ്പോൾ ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ പ്രശ്നങ്ങൾ അവിടേക്ക് പോകാനുള്ള സാധ്യതകൾ കുറയ്ക്കുകയാണ്. ഏതായാലും ഈ സർവ്വെ പൂർണ്ണമായും നടത്തി രണ്ടാം വോള്യം പ്രസിദ്ധീകരിക്കുന്നുണ്ട്. അതുകൊണ്ടും ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. കാരണം ഓരോ രാജ്യങ്ങളിലും ജോലി ചെയ്യുന്ന ആളുകളുടെ വിവരങ്ങൾ നമുക്ക് ലഭ്യമാകുന്നില്ല. അതാണ് നമുക്കുള്ള പരാധീനത. എയർപോർട്ടുകളിൽ ഇപ്പോൾ മടങ്ങിവരുന്നവരുടെ രജിസ്റ്റർ വച്ചിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കാം.

അന്യസംസ്ഥാനങ്ങളിൽ നോർക്ക സാറ്റലൈറ്റ് ഓഫീസുകൾ

4 (*694) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. പാലോട് രവി:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. എ. റ്റി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നോർക്ക അന്യസംസ്ഥാനങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ;